# <u>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്</u>

**ടാക്സ്ടവർ, കരമന**
**കിള്ളിപ്പാലം, തിരുവനന്തപുരം**
**തീയതി :02/02/2022**

## <u>പത്രക്കുറിപ്പ്</u>

## <u>ജി .എസ് .ടി നികുതിദായകർക്ക് റേറ്റിംഗ് സ്കോർ: ഉത്ഘാടനം ഇന്ന്</u>

തിരുവനന്തപുരം: സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് നികുതിദായകർക്ക് നൽകുന്ന റേറ്റിംഗ് സ്കോർ കാർഡിന്റെ സംസ്ഥാനതല ഉത്ഘാടനം ഫെബ്രുവരി മൂന്നിന് രാവിലെ 10 ന് സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി കെ .എൻ. ബാലഗോപാൽ ഓൺലൈനായി നിർവഹിക്കും.

ജി.എസ്.ടി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 1.5 കോടി രൂപയിൽ അധികം വാർഷിക വിറ്റ് വരവുള്ള വ്യാപാരികൾക്കാണ് ടാക്സ് പെയർ കാർഡ് എന്ന പേരിൽ റേറ്റിംഗ് സ്കോർ നൽകുന്നത്. റിട്ടേൺ സമർപ്പിക്കുന്നതിലും, നികുതി അടക്കുന്നതിലും പുലർത്തുന്ന കൃത്യത കണക്കാക്കിയാണ് റേറ്റിംഗ് സ്കോർ തയ്യാറാക്കുന്നത്. ഇതോടെ വ്യാപാരികൾ റിട്ടേണുകൾ സമയബന്ധിതമായി സമർപ്പിക്കുന്നുണ്ടോ?, സമർപ്പിക്കുന്ന റിട്ടേണുകളിലെ കൃത്യത എന്നിവ ടാക്സ് പേയർ കാർഡ് വഴി പൊതുജനങ്ങൾക്ക് അറിയാനാകും .

മികച്ച റേറ്റിങ് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നത് വഴി പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരിൽ എത്തുന്നു എന്ന് ഉറപ്പിക്കാനാകും . മാത്രമല്ല അനധികൃതമായി നടത്തുന്ന നികുതി പിരിവ് തടയാനും കഴിയും.

മികച്ച റേറ്റിങ് നികുതിദായകർക്ക് വേഗത്തിലും, സുതാര്യവും, കാര്യക്ഷമവുമായ നികുതിദായക സേവനങ്ങൾ ലഭ്യമാക്കാൻ സഹായിക്കും. ബി–ടു –ബി ഇടപാടുകൾക്ക് മികച്ച റേറ്റിങ് ഉള്ള സ്ഥാപനം തെരഞ്ഞെടുത്താൽ ഇന്പുട് ടാക്സ് ക്രെഡിറ്റ് യഥാസമയം ലഭിക്കാൻ സഹായകരമാകും. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ വെബ്സൈറ്റായ **www.keralataxes.gov.in** ഇൽ റേറ്റിങ് കാർഡ് വിവരങ്ങൾ ലഭ്യമാകും.

ചടങ്ങിൽ ധനകാര്യ അഡിഷണൽ ചീഫ് സെക്രട്ടറി രാജേഷ് കുമാർ സിംഗ് ഐ.എ.എസ് അദ്ധ്യക്ഷനായിരിക്കും, നികുതി വകുപ്പ് കമ്മിഷണർ രത്തൻ കേൽക്കർ ഐ .എ .എസ് സ്വാഗതം പറയും, സെൻട്രൽ ജി.എസ്.ടി. തിരുവനന്തപുരം മേഖല ചീഫ് കമ്മിഷണർ ശ്യാം രാജ് പ്രസാദ് , ഐ .ആർ .എസ് മുഖ്യപ്രഭാഷണം നടത്തും ,

നികുതി വകുപ്പ് സ്പെഷ്യൽ കമ്മിഷണർ മുഹമ്മദ് .വൈ . സഫിറുള്ള ഐ .എ .എസ്, കേരളാ ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ സജി ഗോപിനാഥ് എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

Sd/-

**COMMISSIONER**